# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1821 17/12/2012 ൽ മറുപടിക്ക്

## ക്വസ്റ്റ്യൻ ബാങ്ക് -കം-ഓൺലൈൻ എക്സാമിനേഷൻ സംവിധാനം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. എം.എ.വാഹിദ്<br>ശ്രീ. കെ.ശിവദാസൻ നായർ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പരീക്ഷാ സമ്പ്രദായങ്ങളിൽ സമൂലമായ മാറ്റം വരുത്തുന്നതിലേയ്ക്കായി എന്തെല്ലാം തയ്യാറെടുപ്പുകളാണ് പി.എസ്.സി. നടത്താനുദ്ദേശിക്കു ന്നത് ; | (എ) പരീക്ഷാ സമ്പ്രദായങ്ങളിൽ സമൂലമായ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി ചോദ്യബാങ്ക് രൂപീകരിക്കുവാൻ കമ്മീഷൻ നയപരമായി തീരുമാനിച്ചിട്ടുണ്ട്. പി.എസ്.സി. പരീക്ഷകൾ ഓൺലൈനായി നടത്തുവാൻ തീരുമാനിച്ചതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ആയതിനായി തയ്യാറാക്കിയ software 17.12.2012ൽ install ചെയ്യുവാനും, 22.12.2012-ൽ mock test നടത്തുവാനുമുള്ള നടപടികൾ സ്വീകരിക്കുവാനും C-Dit-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ 2012 July മുതൽ OMR രീതിയിലേക്ക് പരിവർത്തനം ചെയ്യുകയും, ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരീക്ഷയുടെ ഫലം 05.12.12-ൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി. പരീക്ഷയിൽ പങ്കെടുക്കുന്ന സ്ത്രീകൾക്കും വികലാംഗർക്കും അധികം യാത്ര ചെയ്യാതെ പരീക്ഷ എഴുതുന്നതിനായി അവരവരുടെ താലൂക്കുകളിൽ പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കുന്നുണ്ട്. |
| (ബി) ഇതിനായി ക്വസ്റ്റ്യൻ ബാങ്ക്-കം-ഓൺലൈൻ എക്സാമിനേഷൻ സംവിധാനം തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | (ബി) ക്വസ്റ്റ്യൻ ബാങ്ക് രൂപീകരിക്കുവാനും ഓൺലൈൻ പരീക്ഷകൾ നടത്താനും ആവശ്യമായ നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു. |
| (സി) ഇതിനായി ഇതുവരെ എന്തെല്ലാം നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നറിയിക്കുമോ ? | (സി) ക്വസ്റ്റ്യൻ ബാങ്കിലേക്കുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നതിനായി വിവിധ വിഷയങ്ങളുടെ വിശദമായ സിലബസ് തയ്യാറാക്കുന്നതിന് അതത് വിഷയങ്ങളിലെ വിദഗ്ധരെ |

പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാലകൾ നടത്തിവരികയാണ്. എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, ഐ.ടി.ഐ.കൾ എന്നിവടങ്ങളിലെ അധ്യാപക തസ്തികകൾ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും, ആരോഗ്യ വകുപ്പിലെയും മെഡിക്കൽ തസ്തികകൾ എന്നിവയുടെ സിലബസ് തയ്യാറാക്കുന്നതിനുള്ള ശില്പശാലകൾ ഇതിനോടകം നടന്നുകഴിഞ്ഞു. കോളേജിയേറ്റ് വിദ്യാഭ്യാസ വകുപ്പിലെയും ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെയും ഭാഷ, ഹ്യൂമാനിറ്റീസ്, സയൻസ് അദ്ധ്യാപക തസ്തികകളുടെ സിലബസ് തയ്യാറാക്കുന്നതിനുള്ള മൂന്ന് വ്യത്യസ്ത ശിൽപശാലകൾ 2013 ജനുവരി മാസത്തിൽ നടക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**